പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 167 26-10-2026-ൽ മറുപടിയ്ക്ക്

24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ജില്ല, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിനും ചികിത്സ വൈകുന്നത് ഒഴിവാക്കുന്നതിനും സംസ്ഥാനത്ത് 1690 ഡോക്ടർമാരുടെയും 986 നഴ്സുമാരുടെയും തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ജില്ല, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യലിസ്റ്റ് സേവനം ഉറപ്പാക്കുന്നതിനും ചികിത്സ വൈകുന്നത് ഒഴിവാക്കുന്നതിനുമായി ജൂനിയർ കൺസൾട്ടന്റ് -1120, കൺസൾട്ടന്റ് -60, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -510, നഴ്സിംഗ് ഓഫീസർ- 360, നഴ്സിംഗ് അസിസ്റ്റന്റ് - 260, ഹോസ്പിറ്റൽ അറ്റൻഡന്റ് - 377 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

നിലവിൽ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ ഒ.പി. സേവനം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയുള്ള സമയത്ത് മാത്രമാണ് ലഭ്യമാകുന്നത്. ഇത് പരിഹരിക്കുന്നതിനായി, സംസ്ഥാനത്ത് 24x7 അടിസ്ഥാനത്തിൽ 20 സ്പെഷ്യാലിറ്റി സേവനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽ നിന്നും രണ്ട് വീതം ആകെ 28 പ്രധാന ആശുപത്രികളെ (ജനറൽ ജില്ലാ, താലൂക്ക് ആസ്ഥാന ആശുപത്രികൾ) രണ്ട് ഘട്ടങ്ങളിലായി തെരഞ്ഞെടുത്ത് "പ്രതീക്ഷാ സെന്ററുകൾ" ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യപടിയായി കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 01/09/2026 മുതൽ സ്പെഷ്യാലിറ്റി, കാഷ്വാലിറ്റി സേവനം ആരംഭിച്ചു. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ വിഭാഗങ്ങളിലായി 10 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലുള്ള സ്ഥിരം തസ്തികകൾ, സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണം, തസ്തികകളുടെ ആവശ്യകത എന്നിവ പരിഗണിച്ച് ഗ്യാപ് അനാലിസിസ് നടത്തി, ഡോക്ടർമാരുടെയും, നഴ്സിങ് & സപ്പോർട്ട് ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നുണ്ട്.

(ബി) 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

മറുപടി: സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961 ലാണ് സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളതെങ്കിലും പിന്നീട് കാലാനുസൃതമായി തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യവകുപ്പിൽ വരുത്തിയിട്ടുണ്ട്.

ആശുപത്രികളിലെ നിലവിലെ ജോലിഭാരം, കാഷ്വാലിറ്റി/അടിയന്തര വിഭാഗങ്ങളിലെ രോഗികളുടെ എണ്ണം, ഒ.പി./ഐ.പി. രോഗികളുടെ എണ്ണം, കിടക്കകളുടെ എണ്ണം, പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, 24 മണിക്കൂർ സേവനത്തിന്റെ വ്യാപ്തി, നിലവിലെ അംഗീകൃത തസ്തികകൾ, ജീവനക്കാരുടെ കുറവ്, പുനർവിന്യാസ സാധ്യത എന്നിവ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി, വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ ആവശ്യാനുസരണം ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരുന്നു.

(സി) മുഴുവൻ സമയ സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്ന ആശുപത്രികളിൽ (പ്രതീക്ഷ സെന്റർ) ഡോക്ടർമാരുടെ തസ്തികളുടെ വിന്യാസം ഏത് രീതിയിലായിരിക്കുമെന്ന് അറിയിക്കുമോ?

മറുപടി: പ്രതീക്ഷാ സെന്ററുകളിലെ ഡോക്ടർമാരുടെ തസ്തികകളുടെ വിന്യാസം താഴെ പറയുന്ന പ്രകാരം ആസൂത്രണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

1. ജനറൽ മെഡിസിൻ, ജനറൽ സർജറി അനസ്തേഷ്യ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ നിലവിലുള്ള താൽക്കാലിക തസ്തികകൾ ഉൾപ്പെടെ ഓരോ വിഭാഗത്തിലും 10 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ വീതം അംഗീകൃത തസ്തികകൾ ഉറപ്പാക്കുക.
2. കാത്ത് ലാബ് സൗകര്യമുള്ള പ്രധാന ആശുപത്രികളിൽ കുറഞ്ഞത് 3 കൺസൾട്ടന്റ് കാർഡിയോളജിസ്റ്റ് തസ്തികകൾ ഉറപ്പാക്കുക.
3. സ്ട്രോക്ക് യൂണിറ്റുള്ള സ്ഥാപനങ്ങളിൽ കുറഞ്ഞത് 2 ന്യൂറോളജി കൺസൾട്ടന്റ് തസ്തികകൾ ഉറപ്പാക്കുക
4. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും, കൊല്ലം, തൊടുപുഴ (ഇടുക്കി), പാലക്കാട്, തിരൂർ (മലപ്പുറം), കണ്ണൂർ, കാഞ്ഞങ്ങാട് (കാസർഗോഡ്) എന്നീ ജില്ലാ ആശുപത്രികളിലും, സുൽത്താൻ ബത്തേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും (വയനാട്) നെഫ്രോളജി വിഭാഗത്തിൽ 2 കൺസൾട്ടന്റ് തസ്തികകളും മെഡിക്കൽ ഗ്യാസ് സ്ട്രോഎന്ററോളജി വിഭാഗത്തിൽ 1 കൺസൾട്ടന്റ് തസ്തികയും ഉറപ്പാക്കുക.
5. ഓരോ അപകട-അടിയന്തര വിഭാഗത്തിലും ഓരോ ഷിഫ്റ്റിലും രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ ഉറപ്പാക്കുന്നതിനായി ആദ്യഘട്ടത്തിൽ കുറഞ്ഞത് 8 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ ഉറപ്പുവരുത്തുക.

സെക്ഷൻ ഓഫീസർ